LIBRARY ARCHIVES Kerala Legislative Assembly

## മൃഗസംരക്ഷണവകുപ്പിന്റെ വിവിധ പദ്ധതികൾ

107 [5040] ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണവകുപ്പിൽ ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് സബ്സിഡി അനുവദിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

### ഉത്തരം

(എ) 19 സംസ്ഥാന പദ്ധതികളും 14 കേന്ദ്രാവിഷ്കൃത പദ്ധതികളും 2008-09-ൽ നടപ്പിലാക്കിയിട്ടുണ്ട്

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ:-

1. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും.
2. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്.
3. ഊർജ്ജിത കന്നുകാലി വികസനം.
4. കന്നുകാലി വളർത്തൽ കേന്ദ്രം.
5. വെച്ചൂർ പശു പ്രോത്സാഹനവും പരിരക്ഷണവും.
6. താറാവ്/കാട വളർത്തലും ഉൽപ്പാദനവും.
7. കോഴി വളർത്തൽ കേന്ദ്രങ്ങളും കോഴിയുൽപ്പാദന വികസനവും.
8. ആട് വളർത്തൽ കേന്ദ്രങ്ങളുടെ വികസനം.
9. ഊർജ്ജിത പന്നി വളർത്തൽ വികസന പരിപാടി.
10. എം. പി. ഐ.-ക്ക് സാമ്പത്തിക സഹായം.
11. വികസനവും പരിശീലനവും.
12. മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം.
13. കെ. എസ്. പി. ഡി. സി. നടപ്പാക്കുന്ന പുതിയ സംരംഭങ്ങൾക്കുള്ള സാമ്പത്തിക സഹായം.
14. പ്രത്യേക കന്നുകാലി വികസന പദ്ധതി.
15. മുയൽ പ്രജനനം.

16. ഗവേഷണവികസനം.

17. ദേശീയ ക്ഷീര വികസന ബോർഡിന്റെ സഹായത്തോടുകൂടിയുള്ള കാലിരോഗ നിർമ്മാർജ്ജന പദ്ധതി.

18. സംയോജിത കന്നുകാലി വികസന പദ്ധതി.

19. ആർ. ഐ. ഡി. എഫ്.

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ:-</u>

1. കാലി വസന്ത നിർമ്മാർജ്ജന പദ്ധതി-100% കേന്ദ്രസഹായം.

2. കുളമ്പുരോഗ നിയന്ത്രണത്തിനുള്ള പരിപാടി-100%. കേന്ദ്രസഹായം

3. ലൈവ്സ്റ്റോക്ക് സെൻസസ്-100% കേന്ദ്രസഹായ പദ്ധതി.

4. കോഴി-താറാവ് വളർത്തൽ കേന്ദ്രങ്ങൾ-80% കേന്ദ്രാവിഷ്കൃതം.

5. കന്നുകാലി രോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള ധനസഹായം (അസ്കാഡ്)-75% കേന്ദ്രസഹായം.

6. ദേശീയ തീറ്റപ്പുൽകൃഷി വികസന പരിപാടി.

7. മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കും സാമ്പിൾ സർവ്വേയും -50% കേന്ദ്രസഹായം.

8. സംസ്ഥാന വെറ്ററിനറി കൗൺസിൽ-50% കേന്ദ്രസഹായം.

9. വംശ നാശം സംഭവിക്കുന്ന ജനുസ്സുകളുടെ സംരക്ഷണം.

10. കോഴി വളർത്തലിന് വനിതകൾക്കുള്ള ധനസഹായം.

11. ക്ഷീരധാര.

12. ഗോരേഖ.

13. ഗോസംവർദ്ധിനി.

14. ഗോസുരക്ഷ.

(ബി) 1. വെറ്ററിനറി സർവ്വീസിന്റെ ശക്തിപ്പെടുത്തലും പുനഃസംഘടനയും പദ്ധതിയിൻ പ്രകാരം താഴെപ്പറയുന്ന പദ്ധതികൾക്ക് സബ്സിഡി നൽകുന്നു:

(i) 50 രൂപ വിലയുള്ള കാഫ്കെയർ കിറ്റ് 100% സബ്സിഡിയോടെ കർഷകർക്ക് നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ii) 75 രൂപ വിലയുള്ള മാസ്റ്റൈറ്റീസ് കിറ്റിന് 20 രൂപ് മാത്രം കർഷകരിൽ നിന്നും ഈടാക്കി വിതരണം ചെയ്യുന്നു.

(iii) റാബീസ് വാക്സിന് 50% സബ്സിഡി നൽകുന്നു.

(iv) കന്നുകാലികളുടെ ചികിൽസയ്ക്കാവശ്യമായ മരുന്ന് 100% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.

2. ഊർജ്ജിത കന്നുകാലി വികസന പദ്ധതിയിൻകീഴിൽ കറവ പശുക്കൾക്കുള്ള വിരമരുന്ന് വിതരണം 100% സബ്സിഡി നിരക്കിൽ നടത്തിവരുന്നു.

3. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ളക്സ് പദ്ധതിയനുസരിച്ച് പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉൽപ്പാദിപ്പിക്കുന്ന വാക്സിൻ 100% സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നു.

4. ആടുവളർത്തൽ പദ്ധതിയനുസരിച്ച് 6750 രൂപ യൂണിറ്റ് കോസ്റ്റുള്ള മലബാറി ആടുവളർത്തൽ യൂണിറ്റ് ഒന്നിന് കർഷകന് 3000 രൂപ സബ്സിഡി ആയി നൽകുന്നു.

5. ഊർജ്ജിത പന്നിവളർത്തൽ വികസന പദ്ധതിയിലൂടെ 15500 രൂപ യൂണിറ്റ് കോസ്റ്റുള്ള ഓരോ യൂണിറ്റ് പന്നി വളർത്തൽ പദ്ധതിയ്ക്ക് 5000 രൂപ 5 പന്നിക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനും ഷെഡ് നിർമ്മിക്കുന്നതിനുമായി നൽകുന്നു.

6. താറാവ്, കാട വളർത്തൽ പദ്ധതിയനുസരിച്ച് യൂണിറ്റ് ഒന്നിന് 500 രൂപ ചെലവുള്ള താറാവ് വളർത്തൽ യൂണിറ്റിന് 200 രൂപ സബ്സിഡി നൽകുന്നു. 4000 രൂപ ചെലവുള്ള കാട വളർത്തൽ യൂണിറ്റിന് 1900 രൂപ സബ്സിഡി നൽകുന്നു.

7. കോഴി വളർത്തൽ കേന്ദ്രവും കോഴി ഉൽപ്പാദനവും പദ്ധതിയിൻ കീഴിൽ 45-60 ദിവസം പ്രായമുള്ള 250 രൂപയ്ക്കുള്ള കോഴി കുഞ്ഞുങ്ങളെ 50% സബ്സിഡി നൽകി 125 രൂപയ്ക്കും ഒരു കിലോ തീറ്റ 15 രൂപയ്ക്കും നൽകുന്നു. 3250 രൂപ ചെലവുള്ള ഒരു ടർക്കിക്കോഴി യൂണിറ്റിന് 50% സബ്സിഡി നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

8. വികസനവും പരിശീലനവും:—അഞ്ചോ അതിന് മുകളിലോ പശുക്കളുള്ള കർഷകർക്ക് സാങ്കേതിക സഹായം, ആരോഗ്യ പരിപാലനം, പുൽവിത്ത് വിതരണം മറ്റ് ആവശ്യമായ മെറ്റീരിയൽസ് വിതരണം എന്നിവ നൽകുന്നതു കൂടാതെ 1000 രൂപ ധനസഹായവും നൽകുന്നു. കൂടാതെ 50 തെരഞ്ഞെടുത്ത ഹൈസ്കൂളുകളിൽ കോഴി, പശു, മുയൽ വളർത്തലിനായി 10,000 രൂപ നിരക്കിൽ സഹായം നൽകുന്നു.

9. എസ്. എൽ. ബി. പി. സ്കീമിലൂടെ സങ്കരയിനം കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷ്വറൻസ് പരിരക്ഷണം എന്നിവ ആദ്യത്തെ ഗർഭധാരണമോ 32 മാസമോ കാലയളവ് ഏതാണോ ആദ്യം അതുവരേയ്ക്ക് നൽകുന്നു. ഇതിൽ 25% സംസ്ഥാന വിഹിതവും 25% തദ്ദേശഭരണ സ്ഥാപനവിഹിതവുമാണ്. ഒരു കന്നുകുട്ടിയ്ക്ക് 6500 രൂപ ലഭിക്കുന്നു.

## കോഴിഗ്രാമം പദ്ധതി

108 [5041] ശ്രീ. കെ. അച്ചുതൻ:

,, എൻ. ശക്തൻ:

,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിഗ്രാമം പദ്ധതി പ്രകാരം എത്ര കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാനുദ്ദേശിക്കുന്നു;

(ബി) പ്രതിവർഷം എത്ര മുട്ടയും കോഴിയിറച്ചിയും അധികമായി ഉല്പാദിപ്പിക്കാനാണ് ഈ പദ്ധതി പ്രകാരം പരിപാടിയിട്ടിട്ടുള്ളത്?

## ഉത്തരം

(എ) കോഴിഗ്രാമം പദ്ധതി പ്രകാരം ഒരു വർഷം 109200 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുവാനുദ്ദേശിക്കുന്നു. (ആകെ 5 വർഷം കൊണ്ട് 5,46,000 കോഴിക്കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്യുവാനുദ്ദേശിക്കുന്നത്)

(ബി) ഈ പദ്ധതി പ്രകാരം പ്രതിവർഷം രണ്ടു കോടി കോഴിമുട്ടയും 163.80 മെട്രിക് ടൺ കോഴിയിറച്ചിയും അധികമായി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly